II.ഇ. ബി. XII – കേരള നിയമസഭ/XII-1

പന്ത്രണ്ടാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2009 സെപ്റ്റംബർ 8, ചൊവ്വ

പന്ത്രണ്ടാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം 2009 സെപ്റ്റംബർ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു)

1 (*1 & *18) സ്മാർട്ട് സിറ്റി പദ്ധതി

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സ്മാർട്ട് സിറ്റി പദ്ധതി തുടങ്ങുവാനായി ടീകോമുമായി കേരളസർക്കാർ 13-05-2007-ലാണ് ഫ്രെയിംവർക്ക് എഗ്രിമെന്റ് ഒപ്പിട്ടതെന്നും പദ്ധതിയുടെ IT/ITes ബിൽഡിംഗിന്റെ നിർമ്മാണം ക്ലോസിംഗ് ഡേറ്റിന് ശേഷം 90 ദിവസത്തിനകം തുടങ്ങേണ്ടതും അതിന്റെ പൂർത്തീകരണം ഡെവലപ്മെന്റ് പ്ലാനനുസരിച്ച് ചെയ്യേണ്ടതാണെന്നും ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി 90000-ൽ കുറയാത്ത തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ ടീകോം പരമാവധി ശ്രമിക്കേണ്ടതാണെന്നും അതിനുതക്ക വിധത്തിൽ അടിയന്തിരമായി കെട്ടിട നിർമ്മാണം ആരംഭി

ക്കേണ്ടതാണെന്നും സഭയെ അറിയിച്ചു. സ്മാർട്ട് സിറ്റിക്കായി കാക്കനാട് വില്ലേജിലും പുത്തൻകുരിശ് വില്ലേജിലുംപെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട് സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡിന് പാട്ടത്തിന് നൽകിയിരുന്നു. പാട്ടത്തുകയായി 104 കോടിയോളം രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 132 ഏക്കർ സ്ഥലത്തിന് പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രസ്തുത സ്ഥലത്തെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ നിന്നും വിമുക്തമാക്കി. പദ്ധതി പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡുകളും നിലവിലുണ്ട്. കെ.എസ്.ഇ.ബി.യിൽ നിന്നും ഏറ്റെടുത്ത 100.65 ഏക്കർ സ്ഥലത്തിന് മദ്ധ്യേ പോകുന്ന പി.ഡബ്ല്യൂ.ഡി റോഡ് ഡൈവർട്ട് ചെയ്യാനും കെ.എസ്.ഇ.ബി.യുടെ ഇൻസ്റ്റലേഷൻസ് മാറ്റി സ്ഥാപിക്കാനുമുള്ള അനുവാദവും പദ്ധതി ചെലവിന്റെ ഒരു ഭാഗവും വഹിക്കാമെന്നുള്ള സമ്മതവും സ്മാർട്ട് സിറ്റിയെ അറിയിക്കുകയുണ്ടായി. സ്മാർട്ട് സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. സ്മാർട്ട് സിറ്റി, ടീകോം പ്രതിനിധികൾ ഈ സന്ദർഭത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ ക്ലാസ് 5.4 സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. കൂടാതെ സ്മാർട്ട് സിറ്റി, ടീകോം പ്രതിനിധികൾ പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി.

ഇക്കാര്യത്തിൽ ഫ്രെയിംവർക്ക് എഗ്രിമെന്റിന്റെ ക്ലാസ് 5.4 സർക്കാർ മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം സർക്കാരുമായി ചർച്ച ചെയ്യുന്നതിനുവേണ്ടി 9-9-2009-ന് സ്മാർട്ട് സിറ്റി ടീകോമിനെ ക്ഷണിച്ചിട്ടുണ്ട്. അവരുമായി വിശദമായി ചർച്ച ചെയ്ത് പരിഹരിക്കാൻ കഴിയുന്ന പ്രശ്ന ങ്ങൾ പരിഹരിക്കാൻ ഗവണ്മെന്റ് ശ്രമിക്കുന്നതാണ്. ചർച്ചയിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യുന്ന താണ്. സ്മാർട്ട് സിറ്റിക്കാരുമായി കരാർ ഒപ്പു വച്ചിട്ട് ഇപ്പോൾ രണ്ടേകാൽ കൊല്ലമായെങ്കിലും പറയത്തക്ക യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. ഐ.ബി.എസ്., ടി.സി.എസ്., ലീലാ ഗ്രൂപ്പ്, ടാറ്റാ, ഇൻഫോസിസ്, യു.എസ്. ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങൾ 5 ലക്ഷം സ്ക്വയർ ഫീറ്റ് വിസ്തൃതി വരെയുള്ള നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയു മായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആഗോള സാമ്പത്തിക മാന്ദ്യം ഒരു തടസ്സമല്ല. ചില കാര്യങ്ങളെ സംബന്ധിച്ച് വിശദീക രണം ലഭിച്ചാൽ അവർ ഉടൻ പണി ആരംഭിക്കുമെന്നാണ് പറയുന്നത്. കരാർ പാലിക്കാതെ വന്നാൽ അവരുമായി നേരിട്ട് ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ കാര്യമെന്താണെന്ന് മനസ്സിലാക്കി വ്യവസ്ഥയനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതിയ സ്ഥലങ്ങൾക്ക് സെസ്സ് പദവിക്കുവേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിൽ ചിലത് അനുവദിച്ചുകിട്ടിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തുകൂടി കടന്നുപോകുന്ന ബ്രഹ്മപുരം-കരിമുഗൾ റോഡിന്റെ പണി സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരി ക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) <u>നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് നടപടി.</u>

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, 2009 വർഷത്തിൽ 17 മാവേലി സ്റ്റോറുകളും 31 സൂപ്പർ മാർക്കറ്റുകളും 7 മെഡിക്കൽ സ്റ്റോറുകളും ഒരു ഹൈപ്പർ മാർക്കറ്റും ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഓണം, റംസാൻ സീസണുകളിൽ പൊതുവിപണിയിലുണ്ടായേക്കാവുന്ന വിലക്കയറ്റം മുന്നിൽ കണ്ട് സപ്ലൈകോ ഭക്ഷ്യധാന്യവും നിത്യോപയോഗ സാധനങ്ങളും സ്റ്റോക്ക് ചെയ്ത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗര കേന്ദ്രങ്ങളിൽ അതിവിപുലമായ മെട്രോ പീപ്പിൾസ് ഓണം-റംസാൻ ബസാറുകൾ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ ഓണക്കാലത്ത് ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യം പരിഗണിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിലും ഓണച്ചന്തകൾ സംഘടിപ്പിച്ചു. ജില്ലാ ആസ്ഥാനങ്ങളിൽ ടൗൺ പീപ്പിൾസ് ബസാറുകളിലൂടെയും താലൂക്ക് തലത്തിൽ ഓണച്ചന്തകളിലൂടെയും പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ സാധനങ്ങൾ വിൽപ്പന നടത്തിയിരുന്നു. 500 പച്ചക്കറി വിൽപ്പന കേന്ദ്രങ്ങളിലൂടെ പൊതുവിപണിയേക്കാൾ 10 ശതമാനം വരെ വിലക്കുറവിൽ പച്ചക്കറി വിൽപ്പന നടത്തിയിട്ടുണ്ട്. ഇതിനുപുറമെ സപ്ലൈകോയുടെ 1400 ഓണം വിൽപ്പന കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. മൂവായിരത്തിൽപ്പരം വരുന്ന ഔട്ട്ലെറ്റുകൾ വഴി 14 രൂപയ്ക്ക് പുഴുക്കലരിയും 13.50 രൂപയ്ക്ക് പച്ചരിയും 20 മുതൽ 60 ശതമാനം വരെ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്തുവരുന്നു. ഓണം പ്രമാണിച്ച് ഏകദേശം 320 കോടി രൂപയുടെ നിത്യോപയോഗ

സാധനങ്ങളാണ് വിപണിയിൽ ലഭ്യമാക്കിയിട്ടുള്ളത്. 210 കോടി രൂപയുടെ (വിൽപ്പന ലക്ഷ്യം) മൊത്തം വിറ്റുവരവാണ് ഓണം സീസണിൽ പ്രതീക്ഷിച്ചിരുന്നത്. 250 കോടിയോളം രൂപ വിറ്റുവരവ് ഉണ്ടായതായും ഇതിന് 20 കോടിയോളം രൂപ സബ്സിഡി ഇനത്തിൽ ചെലവായതായും ഒന്നര കോടിയിൽപ്പരം ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിയതായും കണക്കാക്കപ്പെടുന്നു. ഓണം പ്രമാണിച്ച് 26 ലക്ഷത്തോളം ബി.പി.എൽ. കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. കൂടാതെ സിവിൽ സ്പളൈസ് വകുപ്പ് ബി.പി.എൽ. കാർഡുടമകൾക്ക് സബ്സിഡിയോടെ കിലോയ്ക്ക് 2 രൂപ നിരക്കിലുള്ള 19 കിലോ അരിയുടേയും 6 കിലോ ഗോതമ്പിന്റേയും വിതരണം തുടരുന്നു. എ.പി.എൽ. വിഭാഗത്തിലെ മൽസ്യത്തൊഴിലാളി, പട്ടികജാതി/പട്ടികവർഗ്ഗ, ആശ്രയ കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതുകൂടാതെ ഒരു ലക്ഷത്തോളം വരുന്ന ആദിവാസി കുടുംബങ്ങൾക്ക് 12 കിലോ അരി സൗജന്യമായും എല്ലാ കാർഡുടമകൾക്കും റേഷൻ വിലയ്ക്ക് ഒരു കിലോ പഞ്ചസാരയും വിതരണം ചെയ്തിട്ടുണ്ട്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം കമ്പോളം നിരീക്ഷിച്ചിരുന്നു. അളവുതൂക്കത്തിലെ ക്രമക്കേടുകൾ പരിശോധിക്കാനായി ലീഗൽ മെട്രോളജി വകുപ്പും മായം ചേർക്കൽ കണ്ടുപിടിക്കാനായി ആരോഗ്യ വകുപ്പിലെ അധികൃതരും നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ റെയ്ഡുകളും പരിശോധനകളും ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്. റംസാൻ പ്രമാണിച്ച് മെട്രോ പീപ്പിൾസ് ബസാറുകൾ തിരുവനന്തപുരത്ത്

5-9-09 മുതൽ ആരംഭിച്ചു. കൊല്ലം, കോഴിക്കോട് എന്നിവിടങ്ങളിൽ 15-9-09 മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 47 ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ റംസാൻ മാർക്കറ്റുകളായി പ്രവർത്തിക്കും. റംസാൻ കാലത്തേയ്ക്കാവശ്യമായ എല്ലാ സാധനങ്ങളും ഈ ചന്തയിൽ ഉണ്ടായിരിക്കും. റംസാൻ ഉത്സവകാലത്ത് ആവശ്യമായി വരുന്ന സാധനങ്ങൾ ഉൾക്കൊള്ളിച്ച, പൊതുവിപണിയിൽ 380 രൂപയോളം വില വരുന്ന സാധനങ്ങൾ അടങ്ങിയ ഒരു സ്പെഷ്യൽ കിറ്റ് 300 രൂപയ്ക്ക് ഒരു സൗജന്യ സമ്മാനം ഉൾപ്പെടെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്. ഗുണനിലവാരം ഉറപ്പുവരുത്തിയ സാധനങ്ങളാണ് വിൽപ്പന കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നത്. ഗുണനിലവാരം ഉറപ്പു വരുത്താൻ പ്രത്യേക വിലിജൻസ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉപഭോക്താവിന് ഗുണനിലവാരത്തിൽ തൃപ്തിയില്ലെങ്കിൽ വാങ്ങിയ സാധനങ്ങൾ തിരിച്ചെടുക്കുന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന് അർഹമായ എ.പി.എൽ. ക്വാട്ട പുന:സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്രസർക്കാരിന് നിവേദനം നൽകിയതിന്റെ അടിസ്ഥാനത്തിൽ 15,000 മെട്രിക് ടൺ അരി 8.90 രൂപയ്ക്കും 35,000 മെട്രിക് ടൺ അരി 13.88 രൂപയ്ക്കും 25,000 മെട്രിക് ടൺ ഗോതമ്പ് 10.80 രൂപയ്ക്കും കാർഡൊന്നിന് ഒരു കിലോഗ്രാം പഞ്ചസാര വീതവും കേന്ദ്രസർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ ഗണ്യമായ തുക ചെലവിടുന്ന സംസ്ഥാനമെന്ന നിലയിൽ അരിയുടെ വിലനിലവാരം പുന:പരിശോധിക്കണമെന്നും നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യാനുള്ള സംവിധാനം

കേന്ദ്രം ആവിഷ്ക്കരിക്കണമെന്നും കമ്പോള ഇടപെടലിനായി പ്രത്യേക സാമ്പത്തികസഹായം നൽകാൻ റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണമെന്നും അരി, ഗോതമ്പ് എന്നിവയുടെ സബ്സിഡി നിർത്തലാക്കിയ കേന്ദ്ര സർക്കാരിന്റെ നടപടി പുനഃപരിശോധിച്ച് സബ്സിഡി തുടരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കൂടുതൽ ഔട്ട്ലെറ്റുകൾ ആരംഭിച്ച് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മൂന്നു കൊല്ലത്തേയ്ക്ക് വാടകരഹിത കെട്ടിടവും 50,000 രൂപയോ തത്തുല്യമായ തുകയ്ക്കുള്ള കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്ന എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്. മാവേലി ഹോട്ടലുകളുടെ പ്രവർത്തനം വിപുലമാക്കുന്ന കാര്യം സർക്കാർ ആലോചിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി മന്ത്രി വ്യക്തമാക്കി. .

3 (*3) <u>ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണത്തിന് പരിശീലനം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണരീതി, നിർമ്മാണ സാമഗ്രികൾ, അവയുടെ ഉൽപ്പാദനം എന്നിവ സംബന്ധിച്ച് 1743 പേർക്ക് ഇതിനോടകം പരിശീലനം നൽകിയതായി സഭയെ അറിയിച്ചു. കരിങ്കൽപ്പണി, ഇഷ്ടികപ്പണി, മരപ്പണി, ഇരുമ്പുപണി, പ്രബലിത കോൺക്രീറ്റിന് ഉപയോഗിക്കുന്ന റീ-ഇൻഫോഴ്സ്മെന്റ്, കോൺക്രീറ്റ് നിർമ്മാണം, സാനിറ്ററി ആന്റ് വാട്ടർ സപ്ലൈ വർക്സ്, ഇലക്ട്രിഫിക്കേഷൻ, സീഫ് (Cost Effective and Environment Friendly) ടെക്നോളജി പ്രയോജനങ്ങളും നിർമ്മാണ

രീതിയും, തച്ചു ശാസ്ത്രവും ശാസ്ത്രീയ പഠനവും, നിർമ്മാണങ്ങൾ നടത്തുന്ന ഭൂമിയെക്കുറിച്ചുള്ള പഠനവും അടിത്തറ നിർമ്മാണവും, കെട്ടിട നിർമ്മാണ വസ്തുക്കളുടെ ഉൽപ്പാദനം എന്നീ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള സിലബസ്സാണ് തയ്യാറാക്കിയിട്ടുള്ളത്. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2007-ൽ കെട്ടിട നിർമ്മാണ യൂണിയനുകളിലെ തൊഴിലാളികളേയും എഞ്ചിനീയർമാരേയും ഉൾക്കൊള്ളിച്ച് കെട്ടിട നിർമ്മാണ മേഖലയിൽ സിലബസ് രൂപീകരണത്തിന് ത്രിദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ആദ്യമായാണ് സാങ്കേതിക വിദഗ്ദ്ധരും തൊഴിലാളികളും ഒത്തിരുന്ന് ഒരു സിലബസ്സ് രൂപീകരിച്ചത്. അതുകൊണ്ടുതന്നെ ഈ സിലബസ്സിൽ സാങ്കേതിക പരിജ്ഞാനവും പ്രായോഗിക പരിജ്ഞാനവും സമന്വയിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ രംഗത്ത് പരിശീലനം നൽകുന്നതിനായി അമ്പത് പേരടങ്ങുന്ന ലേബർ ബാങ്ക് പോലുള്ള സ്ഥിരം യൂണിറ്റുകൾ എല്ലാ ജില്ലകളിലും രൂപീകരിക്കുന്നതിനും പ്രായപരിധി കഴിയുന്ന തൊഴിലാളികളുടെ സാമൂഹ്യസുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന പേരിൽ രൂപീകരിക്കാൻ പോകുന്ന ഗവേഷണ കേന്ദ്രത്തിൻ കീഴിൽ പ്രകൃതിവിഭവങ്ങളുടെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണ സാങ്കേതിക വിദ്യയും ഉൾപ്പെടും. കെട്ടിട നിർമ്മാണമേഖലയിൽ തൊഴിൽ പരിശീലനം നൽകാനായി പതിനൊന്നാം പദ്ധതിയിൽ 4,60,00,000 രൂപ മാറ്റി വച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

4(*4) <u>ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി</u>

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, ശബരിമല തീർത്ഥാടകർക്ക് മുൻവർഷങ്ങളേക്കാൾ മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി മുൻ ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-6-2009-ന് എല്ലാ വകുപ്പുതലവന്മാരേയും ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കുകയും പോലീസ്, പൊതുമരാമത്ത്, ആരോഗ്യം, കെ. എസ്. ആർ.ടി.സി, ജലവിഭവം, ദേവസ്വം ബോർഡ്, വനം, സിവിൽ സപ്ലൈസ് തുടങ്ങി എല്ലാ പ്രധാന വകുപ്പുകളുടെയും ക്രമീകരണങ്ങൾ അവലോകനം ചെയ്യുകയും വിവിധ ജില്ലാ കളക്ടർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സുരക്ഷ ശക്തമാക്കുന്നത് സംബന്ധിച്ച് പഠിക്കാനായി 4 ഐ.ജി. മാരടങ്ങുന്ന ഒരു ടീം ശബരിമല സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നീലിമല, അപ്പാച്ചിമേട് എന്നിവിടങ്ങളിൽ 2 കാർഡിയോളജി സെന്ററുകൾക്ക് സ്ഥിരം കെട്ടിടങ്ങളുടെ നിർമ്മാണവും അപ്പാച്ചിമേടിന് മുമ്പ് ഒരു വിശ്രമ കേന്ദ്രവും പൂർത്തിയായി വരുന്നു. ശബരിമല ഉത്സവ നടത്തിപ്പിനുവേണ്ടി മാത്രം ഒരു ഉത്സവ ബഡ്ജറ്റ് തയ്യാറാക്കുവാൻ ചീഫ് കമ്മീഷണർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. സന്നിധാനത്ത് 320 ടോയ്ലെറ്റ് ബ്ലോക്കുകൾ, പമ്പയിൽ 160 ടോയ്ലെറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 3 പ്രധാന കെട്ടിട ബ്ലോക്കുകൾ എന്നിവയുടെ പണികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ശബരിമലയിലും പമ്പയിലും താമസസൗകര്യം വിപുലപ്പെടുത്തുന്നതിനും കുടിവെള്ള സംഭരണികൾ വയ്ക്കുന്നതിനും ഗാർബേജ് കമ്പോസ്റ്റിംഗ് ഷെഡ്ഡുകൾ പണിയുന്നതിനും സ്വാമി അയ്യപ്പൻ റോഡ് വീതി

കൂട്ടുന്നതിനും ചന്ദ്രാനന്ദൻ റോഡ് അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. ഇത്തവണ കടകളുടെ എണ്ണം കഴിയുന്നത്ര കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടോയ്ലെറ്റുകളുടെ ശുചിത്വം ഉറപ്പാക്കി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സുലഭ് ഇന്റർനാഷണൽ എന്ന സംഘടനയെ ബോർഡ് സമീപിച്ചിട്ടുണ്ട്. റോഡു പണികൾ യഥാസമയം പൂർത്തിയാക്കുവാനും എല്ലാ റോഡുകളിലും ദിശാ സൂചികകളും മാർഗ്ഗ നിർദ്ദേശങ്ങളും വയ്ക്കാനും നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാലിന്യ ട്രീറ്റ്മെന്റ് നടത്തി നദീജല ശുചീകരണം നടത്തുവാനുള്ള നിർദ്ദേശങ്ങൾ, മറ്റു ജില്ലാതല ക്രമീക രണങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്നിവയും നൽകിയിട്ടുണ്ട്. പന്തളം, ചെങ്ങന്നൂർ, എരുമേലി എന്നീ പ്രദേശങ്ങളിൽ ചെയ്യേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-8-2009-ൽ വിളിച്ചുചേർത്ത 3 പ്രാദേശിക അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ ഹെവി മെയിന്റനൻസ് പണികൾക്കായി 28 കോടി രൂപയുടെ ഭരണാനുമതി സർക്കാർ പൊതുമരാമത്ത് വകുപ്പ് മുഖേന നൽകിക്കഴിഞ്ഞിട്ടുണ്ട്. ദേവസ്വം ബോർഡുകളുടെ അധീനതയിലുള്ള റോഡുകളുടേയും പാതകളുടേയും അറ്റകുറ്റപ്പണികൾ ദേവസ്വം ബോർഡ് തീർത്ഥാടന കാലത്തിന് മുമ്പ് പൂർത്തീ കരിക്കുന്നതാണ്. ഇവയ്ക്ക് പുറമേ ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ അഡീഷണൽ ചീഫ് സെക്രട്ടറി (ദേവസ്വം) ചെയർമാനായുള്ള ഉന്നതാധികാര സമിതിയുടെ കീഴിൽ പുരോഗമിച്ചു വരുന്നു. ശബരിമല തീർത്ഥാടന സൗകര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെ യോഗവും വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അരവണ വിതരണം സുഗമമാക്കാനും പ്രസാദ വിതരണം കാര്യക്ഷമമാക്കാനും ധന ലക്ഷ്മി ബാങ്കുവഴി കൂപ്പണുകൾ വിതരണം ചെയ്യാനും സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അരവണ പാക്കിംഗിന് ആവശ്യമായ കമ്പോസിറ്റ് കാനുകളും ലിഡ്ഡുകളും ലഭ്യമാക്കുന്ന താണെന്നും മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 176 വരെയുള്ള ചോദ്യങ്ങളിൽ 92 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)